(Pages : 4+ Outline Map of India)

# WEFI - SSF
# SSLC - EXCELLENCY TEST - 2021

## SOCIAL SCIENCE
### (MALAYALAM)

Time : 2 $^1/_2$ Hours Total Score : 80

---

**പൊതു നിർദ്ദേശങ്ങൾ :**

- 20 മിനുറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തിരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചുമനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.
- 1 മുതൽ 42 വരെയുള്ള ചോദ്യങ്ങൾക്ക് പരമാവധി ലഭിക്കുക 80 സ്കോർ ആയിരിക്കും.

---

**1. *a* മുതൽ *l* വരെയുള്ള ചോദ്യങ്ങൾക്ക് 1 സ്കോർ വീതം (12 X 1 = 12)**

*a.* 'മനുഷ്യന് ചില അവകാശങ്ങളുണ്ട്. അതിനെ ഹനിക്കാൻ ഒരു ഗവൺമെന്റിനും അവകാശമില്ല' ഇത് ആരുടെ വാക്കുകളാണ്.

*a)* വോൾട്ടയർ
*b)* റൂസ്സോ
*c)* ജോൺ ലോക്ക്
*d)* തോമസ് പെയിൻ

*b.* ഭീകര പ്രവർത്തനങ്ങൾ തടയാനെന്ന പേരിൽ പൗരാവകാശങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്തിക്കൊണ്ട് 1919ൽ ബ്രിട്ടീഷ് പാർലിമെന്റ് പാസാക്കിയ നിയമം ഏതായിരുന്നു?

*c.* സർദാർ വല്ലഭായി പട്ടേലിന്റെ നേതൃത്വത്തിൽ രൂപീകരിച്ച സ്റ്റേറ്റ് ഡിപാർട്ടുമെന്റിന്റെ സെക്രട്ടറി ആരായിരുന്നു?

*d.* ധാതുക്കളുടെ കലവറ എന്ന് വിളിക്കുന്ന ഭൂപ്രകൃതി വിഭാഗമേത്

ഉത്തരമഹാ സമതലം, ഉപദ്വീപീയ പീഠഭൂമി, ഹിമാലയ പർവ്വതം, തീരസമതലങ്ങൾ

*e.* ചുവടെ ചേർത്തിട്ടുള്ളതിൽ കാവേരി നദിയുടെ പോഷക നദിയേത്?

ഇന്ദ്രാവതി, കബനി, ശബരി, ഭീമ

*f.* ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഗാന്ധിജിയുടെ നേതൃത്വത്തിൽ നടത്തിയ അവസാനത്തെ ബഹുജന സമരം ഏതായിരുന്നു.

*g.* ഹിമാലയൻ നദികളെ സംബന്ധിച്ച തെറ്റായ പ്രസ്താവന കണ്ടെത്തിയെഴുതുക.

അതിവിസ്തൃതമായ വൃഷ്ടി പ്രദേശം
ഉയർന്ന ജലസേചന ശേഷി
അപരദന തീവ്രത താരതമ്യേന കുറവ്
ഗിരികന്ദരങ്ങൾ സൃഷ്ടിച്ചൊഴുകുന്നു

*h.* ആറു വയസ്സുവരെയുള്ള ശിശുക്കളുടെ സമഗ്രവികസനം ഉറപ്പുവരുത്തുന്നതിന് നടപ്പിലാക്കി വരുന്ന പദ്ധതിയേത്?

*i.* ബംഗാൾ, ബീഹാർ, ഒറീസ്സ എന്നീ പ്രദേശങ്ങളിൽ ബ്രിട്ടീഷുകാർ നടപ്പിലാക്കിയ ഭൂനികുതി സമ്പ്രദായം ഏത്?

*j.* ഇന്ത്യയിലെ ഏറ്റവും വലിയ കൃഷിയധിഷ്ഠിത വ്യവസായമേത്?

*k.* രാഷ്ട്ര തന്ത്ര ശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്നതാരെയാണ്.

*l.* ആൽപ്സ് പർവ്വതനിരയുടെ തെക്കൻ താഴ്വരയിലേക്ക് വീശുന്ന കാറ്റ് ഏതെന്ന് തിരിച്ചറിഞ്ഞെഴുതുക.

ചിനുക്ക്, ഫൊൻ, ഹർമാറ്റൻ, കാൽബൈശാഖി

**2 മുതൽ 25 വരെയുള്ള ചോദ്യങ്ങൾക്ക് 3 സ്കോർ വീതം**

2. മെർക്കന്റലിസത്തിന്റെ ഭാഗമായി നിരവധി നിയമങ്ങൾ ഇംഗ്ലീഷുകാർ അമേരിക്കൻ കോളനികളിൽ നടപ്പിലാക്കി. അവയിൽ ഏതെങ്കിലും മൂന്നെണ്ണം എഴുതുക.

3. 'മാനവ വിഭവശേഷി വികസിപ്പിച്ചാൽ മാത്രമേ ഉൽപാദന വർദ്ധനവും രാജ്യപുരോഗതിയും സാധ്യമാവുകയുള്ളൂ' മാനവവിഭവ ശേഷി വികസനത്തിന്റെ ഏതെങ്കിലും മൂന്ന് തലങ്ങൾ എഴുതുക.

4. ഇ-ഗവേണൻസ് കൊണ്ട് പൊതുജനങ്ങൾക്കുള്ള നേട്ടങ്ങളേവ?

5. സ്റ്റാന്റേർഡ് സമയം എന്നാലെന്ത്? ഇന്ത്യൻ സ്റ്റാന്റേർഡ് സമയം കണക്കാക്കുന്നത് ഏത് രേഖാംശരേഖയെ അടിസ്ഥാനമാക്കിയാണ്.

6. ഇന്ത്യൻ സിവിൽ സർവ്വീസിന്റെ ഘടന വിശദമാക്കുക.

7. ആരോഗ്യ പരിപാലനത്തിനായി ഒരുക്കേണ്ട സൗകര്യങ്ങൾ ഏതെല്ലാം?

8. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ 1929-ൽ നടന്ന ലാഹോർ സമ്മേളനത്തിലെ പ്രധാന തീരുമാനങ്ങൾ എന്തെല്ലാമായിരുന്നു?

9. ട്രാൻസ് ഹിമാലയത്തെ പറ്റി ഒരു ലഘുവിവരണം എഴുതുക.

10. തിരഞ്ഞെടുപ്പുകൾ ബഹിഷ്കരിക്കുക എന്നത് നിസ്സഹകരണ സമരത്തിന്റെ സവിശേഷതകളിൽ ഒന്നായിരുന്നു മറ്റ് സവിശേഷതകൾ എന്തെല്ലാം?

11. ഉത്തര പർവ്വത മേഖലയുടെ പ്രാധാന്യത്തെ കുറിച്ച് വിവരിക്കുക.

12. അന്താരാഷ്ട്ര ദിനാങ്ക രേഖ എന്നാൽ എന്ത്?

13. ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇന്ത്യയിൽ നടന്ന ആദ്യകാല പ്രാദേശിക സമരങ്ങൾ ഏതെല്ലാമായിരുന്നു?

14. നെഹ്റുവിന്റെ നേതൃത്വത്തിൽ ശാസ്ത്ര സാങ്കേതിക രംഗങ്ങളിൽ ഇന്ത്യ അഭൂതപൂർവ്വമായ നേട്ടങ്ങൾ കൈവരിച്ചു. നിരവധി ഗവേഷണ സ്ഥാപനങ്ങൾ നിലവിൽ വന്നു. ഉദാഹരണം എഴുതുക.

15. ഉപദ്വീപീയ നദികളുടെ പൊതുവായ സവിശേഷതകൾ എഴുതുക.

16. ഇന്ത്യൻ വിദേശ നയത്തിന്റെ പ്രധാന തത്വങ്ങളാണ് ചേരിചേരായ്മയും പഞ്ചശീല തത്വങ്ങളും. ഇന്ത്യൻ വിദേശ നയത്തിന്റെ മറ്റു തത്വങ്ങൾ ഏതെല്ലാം.

17. ഹിമാലയ പർവ്വത നിരകളിലെ സമാന്തരങ്ങളായ മൂന്ന് പർവ്വത നിരകൾ ഏതെല്ലാം?

18. പ്രത്യക്ഷ നികുതി, പരോക്ഷ നികുതി എന്നിവ തമ്മിലുള്ള വ്യത്യാസങ്ങൾ എഴുതുക.

19. സമൂഹ ശാസ്ത്രത്തിൽ സാധാരണ ഉപയോഗിച്ച് വരുന്ന പഠനരീതികൾ ഏതെല്ലാം? ഏതെങ്കിലും ഒരു പഠന രീതിയെ കുറിച്ച് ലഘുവിവരണം നൽകുക.

20. ഇന്ത്യൻ സമൂഹത്തെ പരിഷ്കരിക്കുന്നതിനായി സാമൂഹിക പരിഷ്കർത്താക്കൾ മുന്നോട്ടുവെച്ച ആവശ്യങ്ങൾ എന്തെല്ലാം?


21. സ്ഥിര നിക്ഷേപത്തിന്റെ സവിശേഷതകൾ എന്തെല്ലാം?

22. പൗരബോധം നേരിടുന്ന വെല്ലുവിളികളെ ഏതൊക്കെവിധം മറികടക്കാനാകും?

23. ഉപഭോക്തൃ തർക്കത്തിൽ പരാതിനൽകാവുന്ന ഏതെങ്കിലും മൂന്ന് സന്ദർഭങ്ങൾ എഴുതുക.

24. ബ്രിട്ടീഷ് ഭരണകാലത്ത് ഇന്ത്യൻ തുണിവ്യവസായത്തിന്റെ തകർച്ചക്ക് കാരണമായ ഘടകങ്ങൾ ഏതെല്ലാമായിരുന്നു.

25. നൽകിയിട്ടുള്ള മാതൃകാ റഫറൻസ് ഗ്രിഡുകൾ വിശകലനം ചെയ്ത് ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.




i. ഗ്രിഡിൽ നൽകിയിട്ടുള്ള ഭൗതിക സവിശേഷതകളിൽ ഏതെങ്കിലും ഒന്നെഴുതുക.
ii. 853373 എന്ന ആറക്ക ഗ്രിഡ് റഫറൻസ് ഏത് ഭൂതല സവിശേഷതയെയാണ് സൂചിപ്പിക്കുന്നത്.
iii. നാലക്ക ഗ്രിഡ് റഫറൻസിലൂടെ തടാകത്തിന്റെ സ്ഥാനനിർണ്ണയം നടത്തുക.

**26 മുതൽ 38 വരെയുള്ള ചോദ്യങ്ങൾക്ക് 4 സ്കോർ വീതം.**

26. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ സുഭാഷ് ചന്ദ്ര ബോസിന്റെ പങ്ക് വിശദമാക്കുക.

27. ഉദ്യോഗസ്ഥ വൃന്ദത്തിന്റെ ഏതെങ്കിലും നാല് സവിശേഷതകൾ എഴുതുക.

28. പ്രധാന ഹിമാലയൻ നദികൾ ഏതെല്ലാം? അവയുടെ സവിശേഷതകൾ വിശദമാക്കുക.

29. പൊതുഭരണം എന്നാലെന്ത്? അതിന്റെ പ്രാധാന്യം വ്യക്തമാക്കുക.

30. മാനവ വിഭവശേഷി വികസനത്തിൽ വിദ്യാഭ്യാസത്തിന്റെ പങ്ക് വ്യക്തമാക്കുക.

31. പ്രാദേശിക സമയം, ഗ്രീനിച്ച് സമയം എന്നിവ എന്തെന്ന് വ്യക്തമാക്കുക. ഗ്രീനിച്ച് സമയം രാത്രി 12 മണിയായിരിക്കെ ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം എത്രയാണ് കണക്കാക്കുക.

32. നാട്ടുരാജ്യങ്ങളുടെ സംയോജനം സ്വതന്ത്ര ഇന്ത്യ നേരിട്ട വെല്ലുവിളികളിൽ ഒന്നായിരുന്നു ഈ വെല്ലുവിളി തരണം ചെയ്യാൻ ഇന്ത്യക്ക് സാധിച്ചതെങ്ങനെ?

33. 1986-ലെ ദേശീയ വിദ്യാഭ്യാസ നയം മുന്നോട്ടുവെക്കുന്ന പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാം?

34. മെച്ചപ്പെട്ട സാങ്കേതിക വിദ്യയുടെ വികസനവും ഉപയോഗവും മാനവവിഭവശേഷി മെച്ചപ്പെടുത്തുന്നതിലൂടെ സാധ്യമാവും. മാനവവിഭവശേഷി മെച്ചപ്പെടുത്തുന്നത് കൊണ്ടുള്ള മറ്റു പ്രയോജനങ്ങൾ എഴുതുക.

35. നൽകിയിട്ടുള്ള ഇന്ത്യയുടെ രൂപരേഖയിൽ ചുവടെ സൂചിപ്പിച്ചിട്ടുള്ള ഭൂവിവരങ്ങൾ അടയാളപ്പെടുത്തി പേരെഴുതുക.
   - ഛോട്ടാ നാഗ്പൂർ പീഠഭൂമി
   - ആരവല്ലി പർവ്വതനിര
   - ഗോദാവരി നദി
   - പാത് കായിബും

36. രണ്ടാം ലോകയുദ്ധത്തിന്റെ ദൂരവ്യാപകമായ ഫലങ്ങളേവ?

37. ചുവടെ നൽകിയിട്ടുള്ളവയെ കാലഗണനയ്ക്കനുസരിച്ച് ക്രമപ്പെടുത്തി എഴുതുക.
   - കുണ്ടറ വിളംബരം
   - പണ്ടാരപ്പാട്ട വിളംബരം
   - ആറ്റിങ്ങൽ കലാപം
   - കുളച്ചൽ യുദ്ധം

38. 'എ' കോളത്തിന് അനുയോജ്യമായവ 'ബി' കോളത്തിൽ നിന്ന് കണ്ടെത്തി ക്രമപ്പെടുത്തുക.

| എ | ബി |
|---|---|
| ഇൻസാറ്റ് | ആകാശ വിദൂരസംവേദനം |
| ഐ.ആർ.എസ് | ഭൂസ്ഥിര ഉപഗ്രഹം |
| സ്റ്റീരിയോസ്കോപ്പ് | ഭൂവിവര വ്യവസ്ഥ |
| കമ്പ്യൂട്ടർ സോഫ്റ്റ് വെയർ | സൗര സ്ഥിര ഉപഗ്രഹം |

**39 മുതൽ 42 വരെയുള്ള ചോദ്യങ്ങൾക്ക് 6 സ്കോർ വീതം.**

39. തന്നിരിക്കുന്ന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ഫ്രഞ്ചു വിപ്ലവത്തിന്റെ പശ്ചാതലം വിവരിക്കുക.
   - ഫ്രഞ്ച് സമൂഹം
   - ചിന്തകന്മാരും അവരുടെ ആശയങ്ങളും.

40. പടിഞ്ഞാറൻ തീരസമതലം, കിഴക്കൻ തീരസമതലം എന്നിവയുടെ സവിശേഷതകൾ വിശദീകരിക്കുക.

41. അയനാന്ത ദിനങ്ങളും വിഷുവങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ ഉൾക്കൊള്ളിച്ച് വിവരണം തയ്യാറാക്കുക.

42. സൂചകങ്ങളുടെ അടിസ്ഥാനത്തിൽ റഷ്യൻ വിപ്ലവം വിശദമാക്കുക.
   - ഫെബ്രുവരി വിപ്ലവം
   - ഒക്ടോബർ വിപ്ലവം

**Q. 35**

Hall Ticket No :

| | | | | | |
|---|---|---|---|---|---|
| | | | | | |

